**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **07-02-2023 - ൽ മറുപടിയ്ക്ക്**

**വെർച്ചൽ ട്രാവൽ ഗൈഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി ദലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് ഉതകുംവിധം സഞ്ചാരികളുടെ വഴികാട്ടിയായി വെർച്ചൽ ട്രാവൽ ഗൈഡ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് കൃത്യമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് വെർച്ചൽ ട്രാവൽ ഗൈഡ് എന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. അതാത് ടൂറിസം കേന്ദ്രങ്ങളുടെ സവിശേഷതകൾ എടുത്തു കാട്ടുന്ന വെർച്ചൽ ട്രാവൽ ഗൈഡ് ഫോർട്ട് കൊച്ചിയിലാണ് ആദ്യം ആരംഭിച്ചത്. വെർച്ചൽ ട്രാവൽ ഗൈഡുകൾ സഞ്ചാരികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കാനായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ക്യൂ.ആർ. കോഡ് അടങ്ങിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, മൂന്നാർ, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലും വെർച്ചൽ ട്രാവൽ ഗൈഡുകൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>ഇതിനു പുറമെ വിനോദസഞ്ചാര കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി, കേരളത്തെ അതിവേഗം അടുത്തറിയാൻ, രാജ്യത്തെ തന്നെ ആദ്യ ചാറ്റ് ബോട്ട് സംവിധാനമായ വിനോദസഞ്ചാര വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് **"മായ"**. **"7510512345"** എന്ന വാട്സ് ആപ്പ് നമ്പറിലേക്ക് ഒരു ഹായ് അയച്ചോ അല്ലെങ്കിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്തുകൊണ്ടോ സംസ്ഥാനത്തിന്റെ വിവിധ വിനോദസഞ്ചാര മേഖലകളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ സഞ്ചാരികൾക്ക് സാധിക്കും. വെർച്ചൽ ട്രാവൽ അസ്സിസ്റ്റന്റ് ആയ **"മായ"** വിനോദസഞ്ചാരികളുടെ ചോദ്യങ്ങൾക്ക് ഉടനടി പ്രതികരിക്കുകയും സംസ്ഥാനത്ത് തടസ്സരഹിതമായ യാത്രാ അനുഭവത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. ലക്ഷ്യസ്ഥാനങ്ങൾ, അനുഭവങ്ങൾ, താമസ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ "**മായ**" പങ്കിടുന്നു. ഇതിനു പുറമെ കേരളത്തിന്റെ വിവിധ വിനോദസഞ്ചാര മേഖലകളെ കുറിച്ചുള്ള ബ്രോഷറുകളും പോസ്റ്ററുകളും വാട്സ് ആപ്പിലൂടെ ഉപഭോക്താക്കൾക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്. സാങ്കേതികവിദ്യയുടെ പിൻബലത്തോടെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച ചാറ്റ്ബോട്ട് കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. 2022 മാർച്ച് മാസത്തിൽ സേവനം ആരംഭിച്ച "**മായ**" ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും പ്രത്യേകതയും ഫോട്ടോയും വീഡിയോകളും അവിടെ ലഭ്യമാകുന്ന സൗകര്യങ്ങളും വെർച്ചൽ ട്രാവൽ ഗൈഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും സവിശേഷതകൾ എടുത്തു കാട്ടുന്ന വീഡിയോകളും, ഫോട്ടോകളും, അവിടെ ലഭ്യമാകുന്ന സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഓരോ വിനോദസഞ്ചാര കേന്ദ്രത്തിലും സുഗമമായി എത്തിച്ചേരുന്നതിന് സഹായകരമായ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) | ഓരോ വിനോദസഞ്ചാര കേന്ദ്രത്തിലും സുഗമമായി എത്തിച്ചേരുന്നതിന് ലൊക്കേഷൻ മാപ്പും ഉൾപ്പെടുത്തിയാണ് വെർച്ചൽ ട്രാവൽ ഗൈഡ് തയ്യാറാക്കിയിരിക്കുന്നത്. |
| (ഡി) | ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും ചരിത്ര പ്രാധാന്യവും കലാപരവും സാംസ്കാരികവുമായ പ്രത്യേകതകളും ഇതിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നമ്മുടെ നാടിന്റെ ചരിത്രവും സംസ്കാരവും പൈതൃക സ്മാരകങ്ങളും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ഉതകുന്നവയായതു കൊണ്ട് കേരളത്തിന്റെ കലാപരവും സാംസ്കാരികവുമായ പ്രത്യേകതകൾ വെർച്ചൽ ട്രാവൽ ഗൈഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ